## പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3756 | 11.11.2019-ൽ മറുപടിക്ക് |
|---|---|
| **വെറ്റിലപ്പാറ ഗവൺമെന്റ് എച്ച്.എസ്സിൽ സ്റ്റുഡന്റ്സ് പോലീസ്** | |

| ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്കൂളായ വെറ്റിലപ്പാറ ഗവൺമെന്റ് എച്ച്.എസ്സിൽ സ്റ്റുഡന്റ്സ് പോലീസ് അനുവദിയ്ക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (എ) യും (ബി) യും | ചാലക്കുടി മണ്ഡലത്തിലെ വെറ്റിലപ്പാറ ഗവ. ഹൈസ്കൂളിൽ 2015-2016 അദ്ധ്യയന വർഷത്തിൽ എസ്.പി.സി യൂണിറ്റ് അനുവദിച്ച നൽകുകയും, പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി സ്കൂളിലെ പ്രധാന അദ്ധ്യാപികയ്ക്കും മറ്റ് രണ്ട് അദ്ധ്യാപകർക്കും, പോലീസ് ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.<br>എന്നാൽ ഈ സ്കൂളിൽ കുട്ടികളുടെ അഭാവം മൂലം പദ്ധതി ആരംഭിക്കുന്നതിനു താൽപര്യമില്ലെന്ന് സ്കൂൾ അധികൃതർ ബന്ധപ്പെട്ട ജില്ലാ അധികാരികളെ അറിയിച്ചതിനാൽ പദ്ധതി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) | ഇതിനായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് വെറ്റിലപ്പാറ ഗവൺമെന്റ് ഹൈസ്കൂളിൽ 'സ്റ്റുഡന്റ്സ് പോലീസ്' അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ